# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോതമംഗലം നഗരസഭയിൽ നിന്നും ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.എ.രാജേന്ദ്രൻ ഫയൽ ചെയ്ത TA No.904/2013 (WP(C) / OP No.587/2009) മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28/11/2017 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.3197/2018/തസ്വഭവ തീയതി, തിരുവനന്തപുരം: 19/12/2018

പരാമർശം:- 1) ശ്രീ.എ.രാജേന്ദ്രൻ (റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ) ഫയൽ ചെയ്ത TA No.904/2013 (WP(C) / OP No.587/2009) മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28/11/2017 ലെ വിധിന്യായം.

2) ശ്രീ.എ.രാജേന്ദ്രൻ (റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ) 12/02/2018 തീയതിയായി സമർപ്പിച്ച നിവേദനം.

3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/03/2018 തീയതിയിലെ കെ.എസ്.എ 2845/എസ്1/2018(1) നമ്പർ കത്ത്.

4) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/06/2018 തീയതിയിലെ കെ.എസ്.എ 2645/എസ്1/2018(2) നമ്പർ കത്ത്.

5) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/06/2018 തീയതിയിലെ കെ.എസ്.എ ഇ.കെ.എം (പെൻ-1)/1011/2018 നമ്പർ കത്ത്.

6) കോതമംഗലം നഗരസഭാ സെക്രട്ടറിയുടെ 26/06/2018 തീയതിയിലെ എ2-8211/2006 നമ്പർ കത്ത്

7) നഗരകാര്യ ഡയറക്ടറുടെ 02/07/2018 തീയതിയിലെ പി8-4441/2018 നമ്പർ കത്ത്

## ഉത്തരവ്

പെൻഷൻ പുനർനിർണ്ണയം നടത്തി അർഹമായ കുടിശ്ശിക തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് കോതമംഗലം നഗരസഭയിൽ നിന്നും ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.എ.രാജേന്ദ്രൻ ഫയൽ ചെയ്ത TA No.904/2013 (WP(C) / OP No.587/2009) മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ വിധിന്യായം നടപ്പിലാക്കണമെന്ന ആവശ്യം ഉന്നയിച്ച് ടിയാൻ പരാമർശം (2) പ്രകാരം സർക്കാരിന് നിവേദനം സമർപ്പിച്ചു.

2) പ്രസ്തുത വിധിന്യായത്തിൽ. അപേക്ഷകന്റെ പെൻഷണറി ക്ലെയിംസ് സംബന്ധിച്ച് പരിഷ്കരിച്ച ഉത്തരവ് ടി വിധിന്യായം ലഭിച്ച് മൂന്ന് മാസത്തിനകം പുറപ്പെടുവിക്കണമെന്ന് ടി കേസിലെ ഒന്നും മൂന്നും എതിർ കക്ഷികളായിട്ടുള്ള സർക്കാരിനോടും നഗരകാര്യ ഡയറക്ടറോടും ബഹു.കോടതി നിർദ്ദേശിച്ചു.

3) അപേക്ഷകന്റെ മുൻകാല സേവനംകൂടി ഉൾപ്പെടുത്തി പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കി നൽകുന്നതിന് ടി വിധിന്യായത്തിൽ നിർദ്ദേശമുണ്ടായിരുന്നതിനാൽ, കോതമംഗലം

നഗരസഭയിൽ നിന്നും 31/10/2017 ൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.എ.രാജേന്ദ്രൻ, ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ 05/02/1972 മുതൽ 05/01/1978 വരെ ബേസിക് ഹെൽത്ത് വർക്കർ തസ്തികയിൽ അനുഷ്ഠിച്ച സേവനകാലംകൂടി മുൻസിപ്പൽ കോമൺ സർവ്വീസിലെ സേവനകാലത്തോടൊപ്പം ഉൾപ്പെടുത്തി ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കി നൽകുന്ന വിഷയം പരിഗണിക്കണമെന്ന് പരാമർശം (7) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ കെ.എസ്.ആർ ഭാഗം 3 ചട്ടങ്ങളാണ് ബാധകം. 02.02.2001 ലെ സ.ഉ.(പി) നം. 228/2001/ധന പ്രകാരം സർക്കാർ ജീവനക്കാരുടേയും എയ്ഡഡ് സ്കൂൾ / എയ്ഡഡ് കോളേജ് അദ്ധ്യാപകരുടേയും പഞ്ചായത്ത് / മുനിസിപ്പൽ കോമൺ സർവ്വീസിലും, സർവകലാശാലകളിലും ജോലി ചെയ്തിരുന്ന മുൻകാല സേവനവും നേരേ മറിച്ചും പെൻഷനു വേണ്ടിയും, ഡി.സി.ആർ.ജി യ്ക്കു വേണ്ടിയും യോഗ്യ സർവ്വീസായി കണക്കാക്കുന്നതാണ്. 02.02.2001 ലെ സ.ഉ (പി) നം.228/2001/ധന ഉത്തരവിന്റെ ആനുകൂല്യം മേൽ ഉത്തരവ് തീയതിയ്ക്കു ശേഷം വിരമിക്കുന്നവർക്കാണ് ലഭ്യമാകുക. ആയതിനാൽ കോതമംഗലം നഗരസഭയിൽ നിന്നും ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീ.എ.രാജേന്ദ്രന്റെ 08.02.1972 മുതൽ 05.01.1978 വരെയുള്ള ഹെൽത്ത് സർവ്വീസിലെ ബേസിക് ഹെൽത്ത് വർക്കർ സർക്കാർ സേവനം ടിയാന്റെ 05.01.1978 മുതലുള്ള മുനിസിപ്പൽ കോമൺ സർവ്വീസിലെ യോഗ്യ സേവനകാലത്തിനൊപ്പം പെൻഷനും ഡി.സി.ആർ.ജി യ്ക്കും വേണ്ടി പരിഗണിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) മേൽ വിധിന്യായം ഇപ്രകാരം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.എ.രാജേന്ദ്രൻ (റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കോതമംഗലം നഗരസഭ)
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോതമംഗലം നഗരസഭ
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെ ബ്ലൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ